بسم الله الرحمن الرحيم

**പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ**

---

***~ Speech of the Khalifathullah Hazrat Munir Ahmad Azim (atba) on the Persecutions of the members of Jamaat Ul Sahih Al Islam - In Kerala/Tamil Nadu, India ~***

---

***ഇന്ത്യയിലെ തമിഴ്നാട്/ കേരള പ്രദേശങ്ങളിലെ ജമാഅത്തുസ്സഹീഹിൽ ഇസ്ലാം അംഗങ്ങളെ പീഡിപ്പിക്കുന്നതു സംബന്ധിച്ച് ഖലീഫത്തുല്ലാ മുനീർ അഹ്മദ് അസീം (അ) നടത്തിയ പ്രഭാഷണം***

(14 August 2013 after Zohr prayers)

(2013 ആഗസ്റ്റ് 14 മധ്യാഹ്ന പ്രാർത്ഥനയ്ക്കുശേഷം)

ശഹാദത്തും തഅവ്വുദും സൂറ : അൽഫാത്തിഹയും ഓതിയശേഷം ഭൂമുഖത്തുള്ള ജമാഅത്തുസ്സഹീഹിൽ ഇസ്ലാം അംഗങ്ങൾക്ക് അസ്സലാമുഅലൈക്കും പറഞ്ഞശേഷം ഖലീഫത്തുല്ലാ പറഞ്ഞു.

ഇന്നു ഞാൻ ലോകത്തെ അഭിസംബോധന ചെയ്യുന്നത് വേദനയോടും എന്നാൽ ഉറച്ച മനസ്സോടുമാണ്. കാരണം അല്ലാഹുവിന്റെ പാതയിൽ സഞ്ചരിക്കുന്നതിന് തടസ്സങ്ങൾ സൃഷ്ടിക്കുകയും സത്യപാത അന്വേഷിക്കുന്നവരെ പീഡിപ്പിക്കുകയും ജമാഅത്തുസ്സഹീഹിൽ ഇസ്ലാം അംഗങ്ങളെ മാനസികമായി തളർത്തുകയും ചെയ്യുന്ന പൈശാചിക പ്രവണതയുള്ള പീഡകന്മാരോടാണ് എനിക്കു പറയുവാനുള്ളത്.

2013 ആഗസ്റ്റ് 10 ശനിയാഴ്ച ഇന്ത്യയിലെ കേരള, തമിഴ്നാട് അതിർത്തിയിലുള്ള, നമ്മുടെ പ്രിയപ്പെട്ട മൂന്നുസഹോദരന്മാർ, ഈ വിനീതനിൽ വിശ്വസിക്കുകയും ബൈഅത്ത് ചെയ്ത് ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ അംഗങ്ങളായി ചേരുകയുമുായി. അഹ്മദി മുസ്ലീംകളായിരുന്ന അവർ ഇപ്പോൾ ജമാഅത്തു സ്സഹീഹിൽ ഇസ്ലാമിലെ അംഗങ്ങളായി , എന്നാൽ ഇപ്പോൾ അഹ്മദി നേതൃത്വം ഈ നൂറ്റാിലെ അല്ലാഹുവിന്റെ ദൂതനെ പിൻപറ്റുന്നതിൽ നിന്നും ന്യായം പറഞ്ഞ് പിന്തിരിപ്പിക്കുവാൻ ശ്രമിക്കുന്നു. അഹ്മദിയ്യാ സംഘത്തിന്റെ ഭരണനിർവ്വഹണ കേന്ദ്രമായ ലനുമായി നിരന്തര ബന്ധമുള്ള മുല്ലാക്കളും , മുബല്ലീഗിങ്ങളും , പ്രാദേശിക അഹ്മദീ നേതൃത്വവും അദ്ദേഹത്തിന്റെ ഭാര്യാ പിതാവും, ഭാര്യാ സഹോദരനും മറ്റു ബന്ധുക്കളും ചേർന്ന് ബലാൽക്കാരമായി പിന്തിരിപ്പിക്കുവാനുള്ള തീവ്രശ്രമം നടത്തിക്കൊിരിക്കുകയാണ്. സത്യത്തിൽ അദ്ദേഹത്തെ ഒരു വീട്ടു തടവുകാരനെപ്പോലെ ആക്കിയിരിക്കുന്നു. അദ്ദേഹത്തിന്റെ ഫോണിൽ ബന്ധപ്പെടുന്നതാരൊക്കെയാണെന്നുവരെ അന്വേഷിക്കുന്നു. കാരണം അദ്ദേഹം കേരളത്തിലെ നമ്മുടെ കേന്ദ്രമായ മാത്രയിൽ ഖലീഫത്തുല്ലയെ കുറിച്ചും ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിനെക്കുറിച്ചും അന്വേഷിച്ച് ഇദ്ദേഹം പോയതറിഞ്ഞാണ് ഈ നടപടി. സർവ്വസ്തുതിയും അല്ലാഹുവിനുമാത്രമാകുന്നു. വീും അല്ലാഹുവിനെ സ്തുതിക്കുന്നു. ഈ വിനീതന്റെ സത്യസന്ധതയെപ്പറ്റി അദ്ദേഹത്തിനു ബോദ്ധ്യം വന്നശേഷം ഈ വിനീതനിൽ ബൈ അത്തു ചെയ്ത എന്റെ പ്രിയപ്പെട്ട സഹോദരൻ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ പ്രവേശിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ പ്രദേശത്തുള്ള അഹ്മദികൾക്ക് ഈ സംഭവം പരിഭ്രാന്തിപരത്തിയിരിക്കുകയാണ്. സത്യവുമായി ബന്ധപ്പെട്ടു നില്ക്കുന്നതിൽ നിന്നും, സത്യത്തെ പിന്തുടരുന്നതിൽ നിന്നും അകറ്റുന്നതിനും അഹ്മദിയ്യാ സംഘാംഗങ്ങളും നേതാക്കന്മാരും അദ്ദേഹത്തിന്റെ അടുത്ത ബന്ധുക്കളും കിണഞ്ഞു പരിശ്രമിച്ചു കൊിരിക്കുകയാണ്.

നിങ്ങൾ മനസ്സിലാക്കണം, ഒരാളിന്റെ അവസ്ഥയ്ക്ക് ഒരു മാറ്റവും അല്ലാഹുവരുത്തുകയില്ല. അവൻ മാറ്റത്തിനായി ആഗ്രഹിക്കാത്തിടത്തോളം കാലം.പതിവുപോലെ , അത് അവരുടെ സ്വഭാവമായി മാറിയിരിക്കുന്നു. വാഗ്ദത്ത മസീഹ് മിർസാഗുലാം അഹ്മദ് (അ) ന്റെ കാലത്തും അതിനുശേഷവും ഇപ്പോഴും ഈ ശ്രമം അവർ തുടരുന്നു. ഇന്നത്തെ അഹ്മദിയ്യാ മുസ്ലീം വിഭാഗത്തിന്റെ അവസ്ഥ എന്താണ് ? കേരള / തമിഴ്നാട് പ്രാദേശിക

വിഭാഗവും അന്താരാഷ്ട്ര കേന്ദ്രവും (ലൻ) സത്യത്തെ സ്നേഹിക്കുന്നവരുടെ വിമർശകരും, സത്യത്തിൽ നിന്നും മനുഷ്യരെ പിന്തിരിപ്പിക്കുന്നവരും, സത്യത്തെ തള്ളിപ്പറയുന്നവരുമായിരിക്കുന്നു. ചരിത്രം ഇവിടെ ആവർത്തിക്കുകയാണ്. അവരുടെ പോക്ക് ഈ നൂറ്റാിൽ അല്ലാഹുവിന്റെ ശത്രുക്കളായി മാറുന്നതിനുവേിയാണ്. നിങ്ങൾ മനസ്സിലാക്കണം, അല്ലാഹുവിന്റെ യഥാർത്ഥദാസന്മാരെ പീഡിപ്പിക്കുന്നവർ , അവരുടെ വാസസ്ഥലം നരകമാണ്. നിങ്ങൾ ആത്മാർത്ഥമായി പശ്ചാത്തപിക്കുവാനും മനസ്സിലെ ദുഷ്ചിന്തകൾക്കു പകരം നന്മകൾ നിറയ്ക്കുവാനും ഞാൻ നിങ്ങളെ ഓർമ്മപ്പെടുത്തുകയാണ്.

അഹ്മദിയ്യാ സംഘത്തിന്റെ 4–ാം ഖലീഫാ, ഖലീഫാത്തുൽ മസീഹ് മിർസാ താഹിർ അഹ്മദിനുവേി ലനിലെ ഹെഡ് ക്വാട്ടേഴ്സിൽ നിന്ന് വക്കീലെ തബ്ശീർ ഒപ്പിട്ട പുറത്താക്കൽ കത്ത് ഞാൻ നന്നായി ഓർക്കുന്നു. അതിൽ ഖലീഫത്തുൽ മസീഹ് മിർസാ താഹിർ അഹ്മദ് എഴുതി, അതിൽ അദ്ദേഹം പറഞ്ഞു സാരമില്ല ര് പേർ പുറത്തുപോകുന്നു.(അതായത് അഹ്മദിയ്യാ നിസാമെ ജമാഅത്തിൽ നിന്നും പുറത്താകുന്നു) പകരം ലക്ഷക്കണക്കിന് ആളുകൾ വരും. (അതായത് ഖലീഫയെ ആരാധിക്കുന്ന വ്യവസ്ഥയിൽ അഹ്മദിയ്യത്ത് സ്വീകരിക്കും) ഇപ്പോൾ ഈ വാക്കുകളെ സൂക്ഷ്മമായി പരിശോധിച്ചാൽ നമുക്ക് മനസ്സിലാകും അതായത് അഹ്മദികൾ അവരുടെ ഖലീഫ നൽകിയ നിർദ്ദേശത്തെ അനുസരിച്ചില്ല. മറിച്ച് അവർ മുനീർ അഹ്മദ് അസീമിനും ജമാഅത്തു സ്സഹീഹിൽ ഇസ്ലാം അംഗങ്ങൾക്കും വലിയ പ്രാധാന്യം നല്കുന്നു. നാലാം ഖലീഫ പറഞ്ഞില്ലേ ? അവർ രു പേർ (ഈ വിനീതനെയും സഫറുല്ലാ ഡൊമൂൻ സാഹിബിനോടും ഈ വിനീതന്റെ മേൽ അല്ലാഹു ഇറക്കിയ വെളിപാടുകളിൽ അദ്ദേഹം അന്നുവിശ്വസിച്ചിരുന്നു) പോകട്ടെ, ലക്ഷങ്ങൾ വരും കാര്യങ്ങൾ ഇങ്ങനെയിരിക്കെ അവരെന്തിനാണ് പരിഭ്രമിക്കുന്നത് ? അവരെന്തിനാണ് വിഷമിക്കുന്നത് ? ജമാ അത്തുസ്സഹീഹിൽ ഇസ്ലാമിനെ ദുർബലപ്പെടുത്തുവാൻ പദ്ധതികൾ തയ്യാറാക്കുന്നത് ? നിങ്ങൾക്ക് നിങ്ങളുടെ വിശ്വാസം ! ഞങ്ങൾക്ക് ഞങ്ങളുടെ വിശ്വാസം, എന്നിരിക്കെ പിന്നെ എവിടെയാണ് പ്രശ്നം ? നിങ്ങളുടെ മരണപ്പെട്ട ഖലീഫ നിങ്ങൾക്കുവേി ഒരു വിധി പ്രഖ്യാപിച്ചു, ഖലീഫയെ ആരാധിക്കുന്ന അഹ്മദികൾ അദ്ദേഹത്തിന്റെ വാക്കുകൾ പ്രാവർത്തികമാക്കേ ? അതെ! അദ്ദേഹം തന്നെയാണ് ഖലീഫത്തുൽ മസീഹ് നാലാമൻ ഈ വിനീതനെ നിസാമെ ജമാഅത്തിൽ നിന്നും പുറത്താക്കിയത് . ആ രേഖ അദ്ദേഹത്തിന്റെ വക്കീലെ തബ്ശീർ രേഖപ്പെടുത്തിയത് ഇന്നും രേഖകളിൽ കാണാവുന്നതാണ്.

മുനീർ അഹ്മദ് അസീമിനേയും അദ്ദേഹത്തിന്റെ ജമാഅത്തിനേയും നിങ്ങൾ അവഗണിക്കുക. നിങ്ങൾ നിങ്ങളുടെ പ്രവർത്തനങ്ങളിൽ മുഴുകുക. അതല്ലേ ശരി ? എന്നിട്ടെന്തേ നിങ്ങൾ അതു ചെയ്യാത്തത്.മുനീർ അഹ്മദ് അസീം പ്രബലനും പ്രാധാന്യം അർഹിക്കുന്ന ഒരാളുമാണോ ? ഖലീഫയെ ആരാധിക്കുന്ന അഹ്മദിയ്യ വ്യവസ്ഥയ്ക്ക് ഞാൻ അപകടകാരിയാണോ?

എന്നെയും എന്റെ ജമാഅത്തിനെയും പരിപൂർണ്ണമായും നശിപ്പിക്കുവാൻ ആഗ്രഹിക്കുക യാണോ ? നിങ്ങൾ മനസ്സിലാക്കണം, ഞാൻ ഒരാൾക്കുവേിയാണ് ഈ ജോലി ചെയ്യുന്നത് അതായത് സന്തോഷ വാർത്ത നല്കുവാനായും മുന്നറിയിപ്പു നല്കുന്നവനുമായി ഞാൻ വന്നിരിക്കുന്നു. നിങ്ങൾക്കു അല്ലാഹുവിന്റെ സന്ദേശമാണ് ഞാൻ നല്കുന്നത്. അല്ലാഹുവിന്റെ കോപവും ശിക്ഷയും ഇറങ്ങുന്നതു സംബന്ധിച്ച് മുന്നറിയിപ്പ് നല്കുകയാണ്. ആയതിനാൽ ഞാൻ ഈ മാർഗ്ഗത്തിൽ കഠിനമായി യത്നിക്കുന്നതാണ്. ആയതിനാൽ അഹ്മദി മുസ്ലീക ളും, മറ്റെല്ലാ മുസ്ലീം വിഭാഗങ്ങളും മനുഷ്യ സമൂഹം മൊത്തത്തിൽ, മനസ്സിലാക്കുക , ഈ ദൈവീക സന്ദേശവും അനുഗ്രഹങ്ങളും സത്യവാന്മാർക്ക് ലഭിക്കുക തന്നെ ചെയ്യും. അത് ഈ നൂറ്റാിലെ ദൈവീക വെളിപാടുകളുടെ വാസ്തവികതയുമായി ബന്ധപ്പെട്ടു നില്ക്കു കയാണ്. നിങ്ങൾക്കിതുവേണോ ? അതോ വേയോ ? എന്നാൽ ഞാൻ ജമാഅത്തുസ്സഹീ ഹിൽ ഇസ്ലാമിലെ , യഥാർത്ഥ ഇസ്ലാമിനുവേി അർപ്പണബോധത്തോടെ പ്രവർത്തിക്കുന്ന സത്യവ്രതരുമായി ചേർന്ന് ഈ ദൈവീക പ്രകാശം വ്യാപിപ്പിക്കുവാൻ പരിശ്രമിക്കുന്ന താണ്. ഇതു നിങ്ങളെ കുപിതനാക്കുന്നുവെങ്കിൽ അത് നിങ്ങളുടെ പ്രശ്നം. അത് നിങ്ങ ളുടെ ഇഷ്ടവുമാണ്. എന്നാൽ ഈ സത്യത്തിന്റെ പ്രയാണം ലക്ഷ്യത്തിലെത്താതെ ആർക്കും അതു തടഞ്ഞു നിർത്തുവാൻ സാധ്യമല്ല. ദൈവീക തീരുമാനം പൂർത്തിയാക്കാതെ തടയു വാൻ ആർക്കും സാധ്യമല്ല.

ആയതിനാൽ ഒരു ജനതയുടെ അവസ്ഥ അല്ലാഹു മാറ്റുകയില്ല. അവർ മാറ്റത്തിനു തയ്യാറായല്ലാതെ ; അതായത് അവരുടെ വിശ്വാസത്തിന് മാറ്റം വരുത്തണം ; അല്ലാഹുവിനെ ഉപേക്ഷിക്കുന്ന അവസ്ഥയ്ക്ക് മാറ്റം വരുത്തണം; അവന്റെ ദൂതന്മാരെ ഉപേക്ഷിക്കുന്ന അവ സ്ഥയ്ക്ക് മാറ്റംവരുത്തണം. വാസ്തവങ്ങളിലുള്ള അവസ്ഥയ്ക്ക് മാറ്റം വരുത്തണം. ഒരു സമുദായത്തിൽ ഒരു വിപത്ത് അല്ലാഹു വിധിച്ചു കഴിഞ്ഞാൽ , ആ വിപത്തിനെ ഉാക്കു ന്നതിന് തടയുവാൻ ആർക്കും സാധ്യമല്ല. അല്ലാഹുവിനെതിരിൽ ഒരു സംരക്ഷകനെയും അവർ കത്തെുകയുമില്ല. അല്ലാഹുവിന്റെ ദൂതന്മാർ വരുമ്പോഴെല്ലാം കുറ്റവാളികളായ ആളുകൾ കുഴപ്പങ്ങൾ ഉാക്കുകയും , അല്ലാഹുവിനെയും അവന്റെ ദൂതന്മാരെയും പിൻപ റ്റുന്നതിൽ നിന്ന് ജനങ്ങളെ തടയുകയും ചെയ്യുന്നതാണ്. ഇത്തരക്കാർക്ക്, അവരുടെ ഹൃദ യങ്ങളിൽ ഒരു രോഗമു് അതായത് അല്ലാഹുവിന്റെ ദൂതന്മാരെ നിരാകരിക്കുകയും അവ രെ പരിഹസിക്കുകയും അവരെപ്പറ്റി മോശമായത് പറയുകയും ചെയ്യുക എന്നത് അതാത് കാലഘട്ടത്തിലെ ജനങ്ങളുടെ പതിവാണ്. എന്നാൽ അവർക്ക് അല്ലാഹു ഒരു നിശ്ചിത സമയം അനുവദിക്കുന്നതാണ്. സത്യവിശ്വാസത്തെ നിരാകരിക്കുന്നവർക്ക് ഒരു സമയം നല്കും, അതിനുശേഷം അവരെ അല്ലാഹു കഠിനമായി പിടികൂടുന്നതും വളരെ വലിയ അപമാന ത്തിലാക്കുന്നതുമാണ്.

കേരള/തമിഴ്നാട് ഭാഗങ്ങളിലെ ജമാഅത്തു സ്സഹീഹിൽ ഇസ്ലാം അംഗങ്ങളെ പ്രയാ സപ്പെടുത്തുന്ന അഹ്മദി മുല്ലാക്കൾ, അത് ഖാദിയാനിൽ നിന്നുള്ളതാണെങ്കിലും ശരി,അവ രുടെ ഹെഡ് ക്വാർട്ടേ ഴ്സ് ആയ ലനിൽ നിന്നാണെങ്കിലും ശരി , ഞാൻ പറയുന്നു, ഈ നൂറ്റാിലെ വെളിപാടുകളിലും ദൈവീക ദൃഷ്ടാന്തങ്ങളിലും വിശ്വസിച്ച വിശ്വാസി കൾക്കെതിരായി അവർ തയ്യാറാകുന്ന മോശമായ പദ്ധതികൾ അവരുടെ വിഗ്രഹത്തിനുവേ ിയാണ് അതിൽ അവർ സന്തോഷിക്കുന്നു ഈ ദുഷ്ചെയ്തികൾ ചെയ്യുന്നത് സത്യാന്വേ ഷികളെ അവരുടെ യഥാർത്ഥ ലക്ഷ്യത്തിൽ നിന്ന് തടയുന്നതിനുവേിയാണ് അതായത് അവരുടെ കാലഘട്ടത്തിലെ അല്ലാഹുവിന്റെ ദൂതനെ അനുസരിക്കുന്നതിലൂടെ , വിശ്വാസി

ക്കുന്നതിലൂടെ , അംഗീകരിക്കുന്നതിലൂടെ അല്ലാഹുവിന്റെ തൃപ്തിക്കും അല്ലാഹുവിനെ തന്നെയും ലഭിക്കുന്നതിനെയും തടയലാണ് അവർ ചെയ്യുന്നത് അല്ലാഹു(ത) വിശുദ്ധ ഖുർ ആനിൽ പറയുന്നു. **ഒരു ദൂതന് ഒരു ദൃഷ്ടാന്തമോ (അല്ലെങ്കിൽ വെളിപാടോ) അല്ലാഹുവിന്റെ അനുവാദമില്ലാതെ കൊുവരുവാൻ സാധിക്കില്ല.**

ആയതിനാൽ, അല്ലയോ മുല്ലാക്കളെ നിങ്ങളുടെ ഇപ്പോഴത്തെ നേതാവിനോട് പറയുക, അതായത് ആരെയാണോ നിങ്ങൾ ദൈവത്തിന്റെ പ്രതിപുരുഷനായി കണക്കാക്കുന്നത് അല്ലാഹുവിൽ നിന്ന് ഒരു ദൃഷ്ടാന്തം കൊുവരുവാൻ പറയുക. അഥവാ അദ്ദേഹം എഴുന്നേല്ക്കട്ടെ എന്നിട്ട് ലോകത്തോട് വെളിപ്പെടുത്തട്ടെ അദ്ദേഹത്തിനു ദൈവീക അനുമതിയോടെ ലഭിച്ച ഒരു വെളിപാട്.ഈ ലോകത്ത് അല്ലാഹു ഒരു ദൂതനെ അയയ്ക്കുമ്പോഴെല്ലാം അവർ അല്ലാഹുവിൽ നിന്നും അദ്ദേഹത്തിനു ലഭിച്ച വാക്കുകൾ നിരാകരിക്കുന്നു. എന്നിട്ട് അദ്ദേഹത്തെ കള്ളനെന്ന് മുദ്രകുത്തുന്നു. അല്ലാഹുവിൽ നിന്ന് അവന് ഒരു വിളിയും ലഭിക്കുന്നുമില്ല എന്ന് ഘോഷിക്കുന്നു. വിശുദ്ധഖുർ ആനിൽ അല്ലാഹു പറയുന്നു.

**പറയുക എനിക്കും നിങ്ങൾക്കുമിടയിൽ സാക്ഷിയായി അല്ലാഹു മതിയായവനാണ്. വേദ ഗ്രന്ഥത്തിൽ ജ്ഞാനമുള്ളവരുടേയും.**

അല്ലാഹുവിന്റെ ദൂതന്റെ ഉത്തരവാദിത്വം ഏതു രീതിയിലായാലും ദൈവീക സന്ദേശം എത്തിക്കുക എന്നതു മാത്രമാണ് . ഈ സന്ദേശം അവർക്ക് ലഭിച്ചശേഷം അവർ എന്താണ് ചെയ്തതെന്നുള്ള കണക്ക് പരിശോധിക്കുന്നവൻ അല്ലാഹുമാത്രമാണ്.

ഭൂമി സൃഷ്ടിച്ചതു മുതൽ അല്ലാഹുവിനും അവന്റെ ദൂതന്മാർക്കുമെതിരിൽ അവിശ്വാസികളും ഗൂഢതന്ത്രങ്ങൾ ആവിഷ്ക്കരിക്കുന്നവരും ഉായിട്ടു്. അവർ സത്യാന്വേഷകരെയും സത്യവിശ്വാസികളെയും ഹൃദയങ്ങളിൽ ഭയം ഇട്ടു കൊടുക്കുവാൻ ശ്രമിക്കുന്നവരാണ്. അഹ്മദിയ്യ സംഘവും അതേ രീതിയിൽ തന്നെയാണ് പ്രവർത്തിക്കുന്നത്. അവർക്ക് സത്യത്തോട് അവരുടെതായ ഒരു സ്നേഹം ഭൂമി സൃഷ്ടിച്ചത് മുതൽ അല്ലാഹുവിനും അവന്റെ ദൂതൻമാർക്കുമെതിരാൽ അവിശ്വാസികളും ഗുഢ തത്രങ്ങൾ ആവിഷ്ക്കരിക്കുന്നവനും ഉായിട്ടു് അവർ സത്യാന്വേഷകരെയും സത്യവിശ്വാസികളെയും ഹൃദയങ്ങളിൽ ഭയം ഇട്ടുകൊടുക്കുവാൻ ശ്രമിക്കുന്നവരാണ് ധനത്തിന്റെയും കുടുംബത്തിന്റെയും മറ്റും പറഞ്ഞ് അവരെ പഴയവിശ്വാസത്തിലേക്ക് മടക്കി കൊുവരുവാൻ ശ്രമിക്കുന്നതാണ് അഹ്മദിയ്യ സംഘവും അതേ രീതിതന്നെയാണ് സ്വികരിച്ചിരിക്കുന്നത് അവർക്ക് സത്യത്തോട് അവരുടെതായ ഒരു സ്നേഹം ,ഹസ്രത്ത് മുഹമ്മദ്(സ)നോട് അവരുടേതായ സ്നേഹം അതുപോലെ മസിഹ് മൗഊദ് (അ)നോടും.ഇത് അവരുടെ ചുിൽ മാത്രമുളളതാണ്;പ്രവർത്തിയിൽ ഇല്ലാത്തതും.അവസാന നിയമസംഹിത ലഭ്യമക്കിയ പരിശുദ്ധനും പരിപാപനനുമായ മുഹമ്മദ് മുസ്തഫാ(സ)യെ യഥാർത്ഥ നിലയിൽ സ്നേഹിച്ചിരുന്നെങ്കിൽ,അവർക്ക് ഇസ്ലാമിനോടും മസീഹ് മൗഊദി(അ)നോടും യഥാർത്ഥസ്നേഹമുായിരുന്നെങ്കിൽ അല്ലാഹുവിന്റെ ഖലീഫയുടെ ആഗമനത്തെ സംബന്ധിച്ച് അവർ സംശയാലുക്കളാവുമായിരുന്നില്ല.ദീനിന്റെ ശുദ്ധികരണത്തിന് അവരിൽ നിന്ന് വരുന്ന ആളിനെ അവർ സ്വാഗതം ചെയ്യുമായിരുന്നു. അവരുടെ മേൽ അല്ലാഹു ചൊരിയാൻ ഉദ്ദേശിച്ച അനുഗ്രഹങ്ങളെ അവർ സ്വാഗതം ചെയ്യുമായിരിന്നു.ദൗർഭാഗ്യവശാൽ അവർ സ്വയം തടസ്സങ്ങൾ ഉാക്കി മനുഷ്യ നിർമ്മിതമായ വിഗ്രഹങ്ങളെപാർപ്പിച്ചു.ഭൗതിക ഇഛകൾ അവരെകീഴ്പ്പെടുത്തി .രക്ഷാമാർഗത്തിലേക്കുളള പാതയിൽ വിഘ്നങ്ങൾ സ്ഥാപിച്ചു.ഈ കാലഘട്ടത്തിലെ

അല്ലാഹുവിന്റെ ഖലീഫയുടെ ശബ്ദം കേൾക്കാതിരിക്കാൻ അവർ കഠിനാധ്വാനം ചെയ്തു നിങ്ങൾക്കു കുടുംബവും സ്നേഹിതരും നഷ്ടമാക്കുമെന്ന് ഭയപ്പെടുത്തി. നിസാമെ ജമാഅത്തിൽ നിന്നും പുറത്താക്കുമെന്ന് ഭയപ്പെടുത്തി നിങ്ങൾ ഈ നൂറ്റാിലെ അല്ലാഹുവിന്റെ ഖലീഫയുമായി ചേരാൻശ്രമിച്ചാൽ.

എന്നാൽ ഞാൻപറയുന്നു,അല്ലയോ സത്യാന്വേഷികളെ അല്ലാഹുവിന്റെ പാതയിൽ പ്രത്യകിച്ച് അല്ലാഹുവിന്റെ ദൂതൻ ഉളള സമയത്ത്, അല്ലാഹുവിനും അവന്റെ ദുതനും മറ്റെല്ലാത്തിനേകാളും മുൻഗണന നൽകേതാണ്;അത്നിങ്ങളുടെ ധനമായാലും ശരി രക്തബന്ധമായാലും ശരി വിശുദ്ധ ഖുർആൻ ഈകാര്യത്തിൽ വ്യക്തമായ സന്ദേശം നൽകുന്നു്.സാധാരണ നിലയിൽ കുടുംബത്തിനും കുടുംബ ബന്ധത്തിനും വളരെ പ്രാധാന്യമു് എന്നാൽ അല്ലാഹുവിന്റെ ദൂതൻ ഉളള സമയത്തു,ഈ കുടുംബവും കുടുംബ ബന്ധങ്ങളും നിങ്ങൾക്ക് പ്രയാസമുണ്ടാക്കുന്നു വെങ്കിൽ അതായത് അല്ലാഹുവിനേയും അവന്റെ ദൂതനെയും സ്വികരിക്കുന്നത് തടയുന്നുവെങ്കിൽ അപ്പോൾ നിങ്ങളുടെ പരിപൂർണ ഉത്തരവാദിത്വം അല്ലാഹുവിനെയും അവന്റെ ദൂതനെയും സ്വികരിക്കുക എന്നതാണ്.അല്ലാഹുവിനും അവന്റെ ദൂതനും നിങ്ങൾക്കുമിടയിൽ ഒന്നും തടസ്സമാകരുത്.ഈ ലോക ജീവിതം നൈമിഷികമാണ്. പരലോക ജീവിതമാണ് ശാശ്വതമായത്. കുടുംബം അൽപ്പസമയത്തെക്കാണ് എന്നാൽ അല്ലാഹു എന്നത്തേയ്ക്കുമാണ്

വിശുദ്ധഖുർആനിൽ അല്ലാഹു പറയുന്നു.

അല്ലഹുവിലും അന്ത്യ ദിനത്തിലും വിശ്വസിക്കുന്നവർ,അല്ലാഹുവിനെയും അവന്റെ ദൂതനേയും തളളിപ്പറയുന്നവരുമായി സൗഹൃദത്തിൽ വർത്തിക്കില്ല;അവർ അവരുടെ പിതാക്കന്മാരായാലും,അവരുടെ സന്താനങ്ങളായാലും,അവരുടെ സഹോദരങ്ങളായാലും അല്ലെങ്കിൽ അവരുടെ കുടുംബ ബന്ധങ്ങളിലുളളവരായാലും ശരി.അവരുടെ ഹൃദയങ്ങളിൽ സത്യ വിശ്വാസത്തെ നിറച്ചിരിക്കുകയാണ് അല്ലാഹുവിൽ നിന്നുളള വചനാമൃതം കൊ് ശക്തിപ്പെടുത്തിയിരിക്കുകയാണ്.അരുവികളൊഴുകുന്ന ആരാമങ്ങളിൽ അവർ പ്രവേശിക്കുന്നതാണ്.അവർ ശാശ്വാതവാസികളാണ്.അല്ലാഹു അവരെപ്പറ്റി സന്തോഷവാനാണ് ,അവർ അല്ലാഹുവിലും സന്തുഷ്ടരാണ് അവരാണ് അല്ലാഹുവിന്റെ സംഘം.നിശ്ചയം അല്ലാഹുവിന്റെ സംഘം തന്നെയാണ് വിജയിക്കുന്നത്.

## കുറ്റവാളികളെ നിശ്ചയമായും നാം നശിപ്പിക്കുന്നതാണ്.

ഈ അഹ്മദീ സഹോദരന്മാർ,ഈ കാലഘട്ടത്തിലെ ദൈവീക സന്ദേശത്തെ സ്വികരിക്കുവാനും അംഗികരിക്കുവാനും ജാഗ്രതകാട്ടുന്നതായി മനസ്സിലാക്കിയ അഹ്മദിയ്യാ നേതൃത്വം,ഈ സത്യാന്വേഷകരെ നിയന്ത്രിക്കുവാനും ഈ സത്യത്തെ സ്വീകരിക്കുന്നതിൽ നിന്ന് തടയുവാനുമുളള പദ്ധതി ആസൂത്രണം ചെയ്തു.ഈ ശത്രുത വളരെ നാളുകളായി ഇവർ കൊുനടക്കുകയാണ്.ജമാഅത്ത് സ്സഹീഹിൽ ഇസ്ലാമിൽ നിന്നും ഈ കാലഘട്ടത്തിലെ അല്ലാഹുവിന്റെ ഖലീഫയിൽനിന്നും ഈ വിശ്വാസികളെ അകറ്റുന്നതിനുളള ശ്രമം വളരെ മുമ്പുതന്നെ തുടങ്ങിയതാണ് .ജമാ അത്തു സ്സാഹീഹിൽ ഇസ്ലാമിൽ നിന്ന് ഈ സത്യാന്വേഷകരെ പിന്തിരിപ്പിക്കുവാനുളള അവരുടെ പരമാധി ശ്രമം നടത്തിക്കൊിരിക്കുകയാണ് ഇപ്പോൾ കേരളത്തിൽ എന്റെ ആദ്യകാല അനുയായികളേയും ഇപ്പോൾ പുതുതായി പ്രവേശിച്ച അനുയായികളേയും മാനസീകമായി തളർത്താനും തകർക്കാനുമുളള കൊുപിടിച്ച ശ്രമങ്ങൾ നടത്തുകയാണ്.അവർ പദ്ധതികൾ

പൊളിക്കുകയും വീും മണ്ണടിയുകയും ചെയ്യുന്നതാണ്.കഠിനഹൃദയങ്ങളെപ്പോലും സത്യവനും അവരിൽ അല്ലാഹുവിന്റെ ദൂതന്റെ സത്യത ബോധ്യപ്പെട്ടുവാനും അവന് കഴിയും. കുറ്റവാളികളെ നശിപ്പിക്കുവാൻ കഴിവുള്ളവനാണ് .അതല്ല അവർ ആത്മാർത്ഥമായി പശ്ചാതപിച്ചാൽ അവർ കരുണയോടെ അവരുടെ നേരെ തിരിയുന്നതുമാണ്.

തയ്യാറാക്കുന്നു പക്ഷേ അവർ അറിയുന്നില്ല അല്ലാഹുവിന്റെ കൺ മുമ്പിലാണ് ഈ നീചപദ് ധതികൾ ആസൂത്രണം ചെയ്യുന്നതേന്ന്.അവരുടെ കുതന്ത്രങ്ങൾ പർവ്വത സമാനമാണെങ്കിലും ശരി കണ്ണു ചിമ്മി തുറക്കുന്ന നേരം കോ് അല്ലാഹു അവരുടെ പദ്ധതികൾ പൊളിക്കുകയും വീണ് മണ്ണടിയുകയും ചെയ്യുന്നതാണ്.കഠിന ഹൃദയങ്ങളെപ്പോലും തുറക്കുവാനും അവറിൽ അല്ലാഹുവിന്റെ ദൂതന്റെ സത്യത ബോധ്യപ്പെടുത്തുവാനും അവനു കഴിയും കുറ്റവാളികളെ നശിപ്പിക്കുവാൻ കഴിവുള്ളവനാണ്.അതല്ല അവർ ആത്മാർഥമായി പശ്ചാത്തപിച്ചാൽ അവൻ കരുണയോടെ അവരുടെ നേരെ തിരിയുന്നതുമാണ്.

അല്ലയോ എന്റെ അനുയായികളെ എന്റെ പ്രിയപ്പെട്ട സഹോദരന്മാരെ ഒരിക്കലും പ്രതീക്ഷ വിടരുത് അല്ലാഹുവിന്റെ കാരുണ്യത്തിൽ വിശ്വാസമുായിരിക്കണം .അല്ലാഹുവിന്റെ കാരുണ്യത്തെപ്പറ്റി നിരാശപ്പെടുന്നത് അവിശ്വാസികളാണ്. അല്ലാഹു ഒരിക്കലും സത്യവിശ്വാസികളെ കൈവിടില്ല.അവരുടെ സത്ഫലങ്ങൾ അവൻ നഷ്ടപ്പെടുത്തുകയുമില്ല. അല്ലാഹുവിന്റെ അനുഗ്രഹത്താൽ നിങ്ങൾ ബൈഅത്ത് ചെയ്യുന്നതിനുമുമ്പ് ഞാൻ അയച്ചു തന്ന സന്ദേശത്തിൽ ഞാൻ പറഞ്ഞിട്ടുള്ളതാണ് ഈ കാലഘട്ടത്തിലെ ദൈവദൂതനെ സ്വികരിച്ചാൽ നിങ്ങൾക്ക് പലവിധ പരീക്ഷണങ്ങളെയും നേരിടേതായി വരുമെന്ന്.

അല്ലയോ കുറ്റവാളികളെ വാഗ്ദത്ത മസീഹി(അ)ന്റെ അനുയായികളാണെന്നു പറയുന്നവരെ. നിങ്ങളുദ്ദേശിക്കുന്നത് പോലെ പ്രവർത്തിക്കുവാൻ കഴിയുന്നവരാണ് എന്ന് ധരിക്കരുത് .ഇസ്ലാമിന്റെ പേരിൽ നിങ്ങൾ നടത്തുന്ന എല്ലാതെറ്റുകൾക്കും അല്ലാഹു സാക്ഷിയാണ്.അഹ്മദി എന്ന വിലാസത്തിലാണ് ഈ തെറ്റുകൾ ചേയ്യുന്നത്.അല്ലാഹു ശിക്ഷിക്കിന്നതിൽ ധൃതികാണിക്കുന്നവനല്ല. പശ്ചാതപിക്കുവാൻ അവസരമു് .ആയതിനാൽ പശ്ചാതാപം പിന്തിക്കരുത് . നിങ്ങൾ പ്രതീക്ഷിക്കാത്ത സമയത്ത് ദൈവീക ശിക്ഷ നിങ്ങളെ പിടികുടും.വിധി നാളിൽ എല്ലാകണ്ണുകളും കുത്തി തുളയ്ക്കുമ്പോൾ നിങ്ങൾക്ക് അല്ലാഹുവിന്റെ ക്രോധത്തിൽ നിന്ന് രക്ഷപെടാൻ ഒരുവഴിയും കത്തുകയില്ല. ആദിനത്തിൽ അവന്റെ ശിക്ഷ കഠിനകഠോരമായിരിക്കും.ഭൂമിയിൽ ഈ ഖിയാമത്ത് അഭിമുഖികരിക്കാതിരിക്കാൻ സൂക്ഷിക്കുക.അവിടെ അല്ലാഹുവിന്റെ ശിക്ഷ നിങ്ങളെ പിടികുടുന്നതാണ്.എല്ലാം നഷ്ടപ്പേട്ടവരായും ദുഖിതരായും.

എന്റെ അനുയായികൾക്ക് എല്ക്കേി വരുന്ന പീഡനങ്ങൾ അവരുടെ വിശ്വാസത്തിന്റെ സത്ഫലങ്ങൾ ആണ്, ഈ കാലഘട്ടത്തിലെ അല്ലാഹുവിന്റെ ഖലീഫയുടെ സത്യതക്കുള്ള തെളിവുമാണ് പ്രവാചകത്വത്തിന്റെ വാതിലുകൾ അടഞ്ഞുപോയി എന്ന് മറ്റുള്ളവർ പറയുമ്പോൾ ഈ കാലഘട്ടത്തിലെ അല്ലാഹുവിന്റെ ഖലീഫാ എന്ന നിലയിൽ ഈ വിനീതന്റെ ആഗമനവും സാനിധ്യവും തെളിയിക്കുന്നത് അത് അവരുടെ സങ്കൽപ്പ സ്രിഷ്ടി മാത്രമാണന്നാണ് അന്ദ്യനാൾ വരെ മുഹമ്മദ് മുസ്തഫാ(സ)യുടെ ഉമ്മത്തിൽ പ്രവാചകൻമാർക്ക് വരാനുള്ള വാതിൽ തുറന്നു കിടക്കുന്നതാണ്.ഇതൊരു ശ്രിംഖലയാണ്

.ഹസറത്ത് മിർസാ ഗുലാം അഹ്മദ്(അ) മസീഹായി വന്നത് ഹസ്റത്ത് മുഹമ്മദ് മുസ്തഭാ (സ)യുടെ ഉമ്മത്തിയായി പുതുശരിഅത്തില്ലാത്ത നബിയായി സുന്നി വിഭാഗത്തിൽ നിന്നാണ്.അതിനു ശേഷം അല്ലാഹുവിന്റെ ദൂതൻ വരേത് മുഹമ്മദ് മുസ്തഫാ(സ)യുടെ ഉമ്മത്തിൽ നിന്നും അതായത് മസീഹിനെ അംഗികരിക്കുന്നവരിൽ നിന്നും വരേ താണ്.ആയതിനാൽ അല്ലാഹു(ത) ഈ കാലത്തെക്ക് ഹസ്രത്ത് മുഹമ്മദ് (സ)യുടെയും ഹസറത്ത് മിർസാ ഗുലാം(അ)ന്റെയും അനുയായി ആയ ഈ വിനീതനെ തിരഞ്ഞെടുക്കുകയുായി. എനിക്കുശേഷം മറ്റോരാളെ/ആളുകളെ ജമാത്ത് സ്സഹീഹിൽ ഇസ്ലാമിൽ നിന്നും അല്ലാഹു തിരഞ്ഞെടുക്കുന്നതാണ്.ഈ ശൃംഖല വിധിനാൾ വരെയും തുടരുന്നതാണ്.

ഈ നൂറ്റാിൽ മുഹമ്മദ് മുസ്തഫാ(സ)യുടെയും ഹസ്രതുമിർസാ ഗുലാം അഹമദ്(അ)ന്റെയും അല്ലാഹുവിന്റെ അനുഗ്രഹത്താൽ ദൈവ ദൂതൻ എന്ന നിലയിൽ ഈ വിനീതന്റെയും സത്ഫലങ്ങളും അനുഗ്രഹങ്ങളുമാണ് ലഭിക്കുന്നത്.നിശ്ചയമായും അല്ലാഹു വളരെ വലിയ  അളവിലാണ് അവന്റെ അനുഗ്രഹങ്ങൾ ചൊരിഞ്ഞു കൊിരിക്കുന്നത്.ഈ നൂറ്റാിലും കഴിഞ്ഞ നൂറ്റാുകളിലെ ദൈവ ദൂതൻമാർക്ക് ലഭിച്ചതു പോലെ ദൈവീക ദൃഷ്ടാന്തം ലഭിച്ചുകൊിരിക്കുകയാണ്.യഥാർത്ഥ വിശ്വാസികൾ ഈ നൂറ്റാിലെ ദൈവീക ദൃഷ്ടാന്തം  അറിയുമ്പോൾ ഒരു സന്ദർഭത്തിലും അവരുടെ ഹൃദയങ്ങളിൽ അല്ലാഹുവിന്റെ സൃഷ്ടികൾ ഭയം ഉാക്കുന്നതല്ല.അവരുടെ ഹൃദയങ്ങളെ സ്വാധീനിക്കുന്നത് അല്ലാഹുവിനെ കുറിച്ചുളള ഭയം മാത്രമാണ്.അവരുടെ ജീവിതവും ധനവും ഇസ്ലാമിനു വേി ബലിയർപ്പിക്കുവാൻ സദാ തയ്യാറായിരിക്കും.

ഈ നൂറ്റാിൽ മനുഷ്യർക്ക് വേി അല്ലാഹു തിരഞ്ഞെടുത്ത  ജമാഅത്തിനു വേി – ജമാഅത്ത് സ്സഹീഹിൽ ഇസ്ലാമിനു – വേി അവർ അവരെ തന്നെ സമർപ്പിക്കുന്നതാണ്.നിശ്ചയം അല്ലാഹു അവരുടെ ജീവിതവും ധനവും വിലയ്ക്ക് വാങ്ങിയിരിക്കുകയാണ് പകരം അവർക്ക് നൽകുന്നത് സ്വർഗ്ഗമായിരിക്കും .അല്ലാഹുവിന്റെ. തൃപ്തിയും സാമിപ്യവും ലഭിക്കുന്നതിനു വേി അല്ലാഹുവിന്റെ മാർഗ്ഗത്തിൽ, നാം നമ്മളെതന്നെ സമർപ്പിക്കുന്നതിലൂടെയാണ് ഈ മഹത്തായ വിജയം അഥവാ സ്വർഗ്ഗം കരസ്ഥമാകുന്നത്.

ആയതിനാൽ ഈ പറയപ്പെട്ട മുല്ലാക്കളോടും ജമാ അത്തുസ്സഹീഹിൽ ഇസ്ലാമിന്റെ ശത്രുക്കളോടും പറയുകയാണ് നിങ്ങൾക്ക് കഴിയും വിധം പരിശ്രമിച്ചു കൊള്ളു നിങ്ങളുടെ ശുഷ്ക്കിച്ച ചിന്തകൾക്കനുസൃതമായി,ആധുനീക സയൻസും,ടെക്നോളജിയും ഉപയോഗിച്ച് പരിശ്രമിച്ചു കൊളളു,പൈശാചികമായി കഴിയും വിധമുളള ഏതു ദണ്ഡന മുറകളും,സമ്മർദ്ദങ്ങളും ഏല്പ്പിച്ച്കൊള്ളു,അവരുടെ ഭാര്യാ മക്കളിൽ നിന്നും അടുത്ത ബന്ധുക്കളിൽ നിന്നും വേർപെടുത്തിക്കൊള്ളു,എന്നാൽ അറിയുക ഈ പ്രവർത്തികളൊക്കെ നിങ്ങളുടെ തന്നെ നഷ്ടത്തിലായിരിക്കും സംഭവിക്കുക.നിങ്ങളുടെ ഈ പ്രവർത്തികൾ യഥാർത്ഥ ജമാഅത്ത് സ്സഹീഹിൽ ഇസ്ലാമിലെ അംഗങ്ങളുടെ അത്മീയ നിലവാരവും വിശ്വാസവും ഉയർത്തുകതന്നെ ചെയ്യും.ഈ നൂറ്റിലെ ഖലിഫത്തുല്ലായുടെ അണികളിലേക്ക് വരാൻ ആഗ്രഹിക്കുന്ന യഥാർത്ഥ സത്യാനേഷകരെ തടഞ്ഞു നിർത്തുവാൻ നിങ്ങൾക്കു കഴിയുകയില്ല;ഇൻഷാ അല്ലാഹ് .ഈ ആത്മീയ വിപ്ളവത്തെ തടഞ്ഞു നിർത്തുവാൻ നിങ്ങൾക്കു കഴിയുകയില്ല.

അതു സംഭവിക്കുകതന്നെ ചെയ്യും.ആത്മാർത്ഥതയുള്ള,അല്ലാഹുവിനു വേണ്ടി ദാഹിച്ചുകൊിരിക്കുന്ന ഹൃദയങ്ങളെ,ഈ നൂറ്റാിലെ അല്ലാഹുവിന്റെ ദൂതനുമായി ചങ്ങാത്തം കൂടാൻ ആഗ്രഹിക്കുന്ന സത്യ വിശ്വാസികളെ ദൈവീക ദൃഷ്ടാന്തങ്ങളിൽ നിന്നും ദൂരപ്പെടുത്തുവാൻ നിങ്ങൾക്ക് ഒരിക്കലും കഴിയുകയില്ല. ഈ ആത്മാർത്ഥ സത്യാന്വഷകരുടെ വഴിയിൽ നിങ്ങൾക്ക് തടയിടാൻ സാധ്യമല്ല;അവരതിനെ തുടർന്ന് വിശ്വാസികളായിതീരുകയുംചെയ്യും.നിങ്ങൾ മനസ്സിലാക്കുക അവരുടെ വിശ്വാസവഴിയിൽ നിങ്ങൾ ഒരു തടസ്സമാകുമ്പോൾ അല്ലാഹു ആ തടസ്സത്തെ നീക്കുന്നതാണ് നിങ്ങളുടെയിടം നരകാഗ്നി ആയിരിക്കും.

അല്ലാഹു താൻതന്നെ നിങ്ങൾക്കെതിരാകുമ്പോൾ നിങ്ങൾ ഒരഭയസ്ഥാനവും കത്തെുകയില്ല.മതത്തിന്റെ പേരിൽ ഈ തരംതാണ പ്രവർത്തിചെയ്യുമ്പോൾ അല്ലാഹു നിങ്ങളെ പിടിച്ചെടുക്കുന്നതാണ്.നിങ്ങൾ വിചാരിക്കും ഞങ്ങൾ ചെയ്യുന്ന പ്രവർത്തി മൂലം അല്ലാഹു എന്തേ ഞങ്ങളെ ശിക്ഷിക്കാത്തത്? നിശ്ചയമായും നിങ്ങൾ ക്ഷണിച്ചുകോിരിക്കുന്ന ശിക്ഷ നിങ്ങളെ മിന്നൽ വേഗത്തിൽ പിടികൂടുന്നതാണ്.അപ്പോൾ ആശിക്ഷയിൽ നിന്നും രക്ഷപെടാനുള്ള ഒരിടവും നിങ്ങൾ കത്തെുകയില്ല. സത്യവിശ്വാസികളുടെ വഴിയിൽ നിങ്ങളേല്പിക്കുന്ന ഓരോ അട്ടഹാസവും, തടസവും,അവരുടെ വിശ്വാസ ദൃഡീകരണത്തിന് കാരണമായി തീരുന്നതാണ്.നിങ്ങൾ കാരണമായി അവരുടെ സ്വർഗീയ പ്രവേശനം എളുപ്പമായിതീരുന്നതാണ് അതു മൂലം അല്ലാഹു അവരുടെ കാര്യത്തിൽ സന്തുഷ്ടനായി തീരുന്നു.അതെ സമയം നിങ്ങളുടെ കുഴി നിങ്ങൾ സ്വയം തോുകയാണ്.അത് ഇഹലോകത്തായാലും ശരി പരലോകത്തായാലും ശരി.

ഈ നൂറ്റാിലെ ഖലീഫത്തുല്ല എന്ന നിലയിൽ,ഞാൻ നിങ്ങളെ വെല്ലുവിളിക്കുയാണ് ജമാഅത്തു സ്സഹീഹിൽ ഇസ്‌ലാമിന്റെ പുരോഗതിക്ക് തടസമിടുവാൻ ആർക്കും സാധ്യമല്ല ഇത് ഈ ലോകത്തിലെ അല്ലാഹുവിന്റെ ജമാ അത്താണ്.പീഡനങ്ങളൊ,സമ്മർദ്ദങ്ങളൊ എൽപ്പിച്ച് യഥാർത്ഥ വിശ്വാസികളെ തങ്ങളുടെ ലക്ഷ്യത്തിൽ നിന്ന് പിൻതിരിപ്പിക്കുവാനും സാധ്യമല്ല. അത് ഇന്ത്യയിലായാലും മറ്റേവിടെയായലും ശരി.ഈ ദൈവീക പ്രകാശത്തെ തടഞ്ഞു നിർത്തുവാൻ സാധ്യമല്ല.അത് സത്യഹൃദയങ്ങളിൽ പ്രവേശിക്കുന്നതാണ്;ഈ പ്രകാശം ദാഹിച്ചിരിക്കുന്നവരുടെ ഹൃദയങ്ങളിൽ പ്രവേശിക്കുക തന്നെ ചെയ്യും.അല്ലയോ അക്റമികളെ നിങ്ങളെ നിങ്ങൾതന്നെ നശിപ്പിക്കുകയാണ്.ജമാ അത്തു സ്സഹീഹിൽ ഇസ്‌ലാമിന്റെ വിജയം സുനിശ്ചിതമാണ്.

സൂര്യനും നക്ഷത്രങ്ങളും തങ്ങളുടെ ഭ്രമണ പഥം വിട്ടു മാറാം.ഭൂമി ചുറ്റിക്കറങ്ങുന്നത് നിലയ്ക്കാം.എന്നാൽ ജമാ അത്തുസ്സഹീഹിൽ ഇസ്‌ലാമിന്റെ മുന്നോട്ടുള്ള പ്രയാണത്തെ തടഞ്ഞു നിർത്തുവാൻ ഒരു മനുഷ്യധികാരിക്കും കഴിയുകയില്ല ആയതിനാൽ ജാഗ്രതയിലായിരിക്കുക .ജമാ അത്തുസ്സഹീഹിൽ ഇസ്‌ലാമിന്റെ നാശത്തിന് പദ്ധതികൾ തയ്യറാക്കുന്നവർ കരുതിയിരിക്കുക.ദൈവീക കോപവും ശിക്ഷയും അവരുടെ മേൽ പതിക്കുന്നതാണ്; പ്രത്യേകിച്ച് കേരളത്തിലും തമിഴ്നാട്ടിലും എന്റെ അനുയായികളെ പീഡിപ്പിക്കുന്നവർ നിങ്ങൾ മറ്റുള്ളവരുടെ വിശ്വാസത്തെ നിയന്ത്രിക്കുവാൻ ശ്രമിച്ചാൽ നിങ്ങളുടെ അന്ത്യം വളരെ ശോചനീയമായിരിക്കും.ഈ നൂറ്റാിൽ അവർക്ക് ആവശ്യമുള്ള മാർഗ്ഗദർശനം സ്വികരിച്ചതിന്റെ പേരിൽ.അവരെ പീഡിപ്പിക്കുവാൻ നിങ്ങൾ ആരാണ്?

ജമാ അത്തുസ്സഹീഹിൽ ഇസ്ലാം അംഗങ്ങളുടെ മേൽ നടത്തുന്ന ഈ പീഡനങ്ങളും മാനസീക ബലാൽക്കാരവും ഖലിഫത്തുൽ മസീഹിന്റെ വ്യക്തി പരമായ അറിവോടെയും അംഗീകാരത്തോടെയുമാണെങ്കിൽ ,അറിയുക,അല്ലാഹു(ത)അദ്ദേഹത്തെ ഈ തെറ്റായ പ്രവണതയ്ക്ക് വളരെ പെട്ടെന്നു പിടിക്കുന്നതാണ്.ലോകത്തിന്റെ മുമ്പിൽ നല്ലവനായി ചമയുകയും,മുസ്ലീം സഹോദരങ്ങളിൽ ശത്രുതയും,നിസ്സഹകരണവും തീർക്കുകയും ചെയ്താൽ,അദ്ദേഹത്തിന്റെ അന്ത്യം,അതുപോലെ അദ്ദേഹത്തിന്റെ നിയന്ത്രണത്തിലുള്ള എല്ലാവരുടെയും അന്ത്യം മാത്രമല്ല അനിസ്ലാമികമായ ഈ പാത പിന്തുടരുന്ന എല്ലാവരും മനസ്സിലാക്കുക.ലോകത്തിനു ദൃഷ്ടാന്തമാകത്തക്ക നിലയിൽ അദ്ദേഹത്തെ അല്ലാഹുതുണ്ടം തുണ്ടമാക്കുന്നതാണ്.

.ഇന്ത്യയിലും ലോകത്തിലെ മറ്റുരാജ്യങ്ങളിലുമുള്ള എന്റെ അനുയായികളെ നാം അല്ലാഹുവിന്റെ ദുതനിൽവിശ്വസിക്കുന്നു എന്ന് പറയുമ്പോൾ,അത് നാവിൻ തുമ്പത്ത് പറയുന്ന വെറും വാക്കാവരുത്;ആത്മാർത്ഥതയില്ലാത്ത വാക്കും ആകരുത്.മറിച്ച് നമ്മുടെ ഹൃദയങ്ങളിലെ ആഴങ്ങളിൽ നിന്നായിരിക്കണം അത്വരേത്.സത്യവിശ്വസികൾ പ്രയാസങ്ങളെ നേരിടെണ്ടതായി വരും അവന്റെ തൃപ്തിയും അവന്റെ അനുഗൃഹങ്ങളും ലഭ്യമാകുവാൻ തന്നെ തന്നെ സമർപ്പിക്കേതായിവരും. പരിക്ഷണങ്ങൾഎത്രത്തോളം തീവ്രമാണോ അത്രത്തോളം മധുരതരമായിരിക്കും പ്രതിഫലം.

ജമാഅത്തു സ്സഹീഹിൽ ഇസ്ലാം പ്രസ്ഥാനത്തിലൂടെ ഭൂമുഖത്ത് ദൈവീക പ്രകാശം പരത്തുന്നതിന് ത്യാഗങ്ങൾ ചെയ്യുന്നതിന് ഓരോ പുരുഷനും സ്ത്രീയും തയ്യാറാകേതാണ്. ഒരു വിശ്വാസി തന്നെ, അല്ലാഹുവിന്റെ പാതയിൽ അല്ലാഹുവിനു സമർപ്പിച്ചാൽ പിന്നെ ഭൂമുഖത്ത് ഒരാളെയും ഭയപ്പെടരുത് അതുപോലെ അവൻ ഒരു യഥാർത്ഥ വിശ്വാസി ആണെങ്കിൽ, അവന്റെ ഹൃദയത്തിൽ വിശ്വാസം രൂഢമൂലമാണെങ്കിൽ,അല്ലാഹുവിനു വേണ്ടി തന്റെ ജീവിതം സമർപ്പിക്കുന്നതിൽ ഒരു മടിയുംമുണ്ടാകില്ലാ .

ജമാ അത്തുസ്സഹീഹിൽ ഇസ്ലാം അംഗങ്ങൾ ഉണർന്ന് പ്രവർത്തിക്കുക കള്ളങ്ങൾ പ്രചരിപ്പിക്കുന്നവരുടെ നാവുകൾക്ക് ഉചിതമായ മറുപടി നൽക്കുക ദൈവീക ദൃഷ്ടന്തത്തേയും ഈ വിനീത അല്ലാഹുവിന്റെ ദാസനേയും അപകീർത്തിപ്പെടുന്ന പ്രവർത്തികൾ സത്യ നിഷേധികൾ നടത്തുമ്പോൾ പോതു ജനങ്ങളെ തെറ്റിലേക്ക് തള്ളിവിടുന്ന പ്രവർത്തികൾക്ക് തടയിട്ടില്ലെങ്കിൽ അല്ലാഹുവിന്റെ മുൻപിൽ ചോദ്യം ചെയ്യപ്പെടുന്നതാണ്. എന്ന് ഞാൻ നിങ്ങളെ അറിയിക്കുകയാണ് അല്ലാഹു ഈ ലോകത്തെ അവഗണിച്ചിട്ടില്ല അല്ലാഹു ജമാഅത്ത് സ്സഹീഹിൽ ഇസ്ലാം സ്ഥാപിച്ചിരിക്കുന്നു മുഹമ്മദ് മുസ്തഫ(സ)കാണിച്ചു തന്ന ഇസ്ലാമിന്റെ യഥാർത്ഥ പ്രതിഛായയായി നിശ്ചയമായും അല്ലാഹു താൻ തന്നെയാണ് തന്റെ പ്രതിനിധിയായി മുഴുലോകത്തെക്കുമായി എന്നെ ഈ നുറ്റാിൽ നിയോഗിച്ചിരിക്കുന്നത്;അല്ലാഹുവിന്റെ വിനീത ദാസനായി, നിങ്ങളിൽനിന്നും ആശയ മിനിമയം നടത്തുന്ന ഒരാളെ അവൻ നിയോഗിച്ചിരിക്കുകയാണ്.ഈ നൂറ്റാിന്റെ ആരംഭത്തിൽ അല്ലാഹുവിന്റെ അനുഗ്രഹ വർഷം ആരംഭിച്ചത് മുതൽ.

ആയതിനാൽ ധാരാളമായി പ്രാർഥിക്കുക അല്ലാഹുവിന്റെ തൃപ്തിക്കായി യഥാർത്ഥ സാഹോദര്യം വീും നിലനിർത്താനായി നമ്മുക്ക് അല്ലാഹുവിനോട് പ്രാർഥിക്കാം ഇസ്ലാം ഒരുയഥാർത്ഥ മതമാണ്.ഇസ് ലാമിലെ ആളുകളും ഒന്നായിരിക്കണം അവർ വിവിധ ചേരിയിലാകരുത് ഈ ദിശയിലായിരിക്കണം ജമാത്ത് സ്സഹീഹിൽ ഇസ്ലാമിലെ പ്രവർത്തകർ

പ്രവർത്തിക്കേണ്ടത് നമ്മളെല്ലാവരും സഹോദരന്മാരാണ് എന്ന നിലയിൽ അല്ലാഹുവിലേക്ക് ക്ഷണിക്കുക .സൂറ:അൽഫാത്തിഹ പാരായണം ചെയ്യുക.നബി(സ)യുടെ മേൽ സലാത്തും സലാമും ചൊല്ലുക.ദൈവീക അനുഗ്രഹവും അനുകമ്പയും ലഭ്യമാകാനുള്ള താക്കോലുകളാണവ.

നിങ്ങൾ പറയുന്നതെന്തെന്നറിയാതെ പ്രാർത്ഥിക്കരുത്.ഒരു ചടങ്ങ് എന്ന നിലയിലാകരുത് പ്രാർത്ഥന പ്രാർത്ഥനയിൽ ശ്രദ്ധ കേന്ദ്രീകരിക്കുക.നിങ്ങൾ അല്ലാഹുവിനോട് അർത്ഥന നടത്തുമ്പോൾ അത് ഹൃദയം സാക്ഷീകരിക്കണം.ഓർക്കുക.ഇസ്ലാമിന്റെ പ്രവാചകൻ മുഹമ്മദ്(സ)യും അനുഗ്രഹീത സഹാബാക്കളും.ഈ വിശ്വാസം നിലനിർത്താനായി വരിച്ച ത്യാഗങ്ങൾ അനുസ്മരിക്കുക.അവരുടെ അസാധാരണമായ ഗുണഗണങ്ങൾ നമ്മിലൂടെ വീം ജനിക്കണം.നമ്മൾ കപടവിശ്വാസികളെ പോലാകരുത് ദുർബല വിശ്വാസികളുമാകരുത്.ജീവൻ നഷ്ടപ്പെടുമെന്നു വന്നപ്പോൾ രക്തബന്ധുക്കളും. സ്നേഹിതരും നഷ്ടമാകുമെന്നായപ്പോൾ പീഡനങ്ങൾ ഏൽക്കേിവരു മെന്നായപ്പോൾ പിന്തിരിഞ്ഞു പോയവരെ പോലാകരുത്.ഓർക്കുക അല്ലാഹുവിനു വേി അല്ലാത്തവർ,അവർ എങ്ങനെയാണ് നിങ്ങളുടേതാകുന്നത്?അവർ എങ്ങനെയാണ് നിങ്ങളുടെ സ്നേഹിതരാകുന്നത്?അവർ എങ്ങനെയാണ് നിങ്ങളുടെ സഹോദരന്മാരാകുന്നത്?അവർ ഈ ലോകവുമായി ബന്ധപ്പെട്ടു നിൽക്കുകയാണെങ്കിൽ:അവർ ഈ രിതിയിൽ നിലനിൽക്കുവാൻ തീരുമാനിച്ചെങ്കിൽ അവരെ ബോധ്യപെടുത്തുവാൻ നിങ്ങൾക്ക് കഴിയില്ല.

അല്ലാഹുവിന്റെ നിശ്ചയ പ്രകാരം മാറ്റം വരാം.നിങ്ങൾ നിങ്ങളുടെ പ്രവർത്തനങ്ങൾ തുടരുക.വിശ്വാസം നല്കണമോ വേയോ എന്ന് നിശ്ചയിക്കുന്നത് അല്ലാഹുവാണ്.എല്ലാ ഹൃദയങ്ങളുടെയും ഉൾക്കാമ്പ് അറിയുന്നവൻ അല്ലാഹുവാകുന്നു.യഥാർത്ഥ വിശ്വാസം, ദൈവീക പ്രകാശം,യാഥാർത്ഥ സന്മാർഗ ദീപം ആരുടെ ഹൃദയത്തിലാണ് നിക്ഷേപിക്കേതെന്ന് നിശ്ചയമായും അല്ലാഹു നന്നായി അറിയുന്നവനാകുന്നു.

നിങ്ങൾ അല്ലാഹുവിനെ അനുസരിക്കുന്നതിലൂടെ ഇൻഷാ അല്ലാഹ്, അല്ലാഹുവിന്റെ യഥാർത്ഥ ദാസന്മാരായി തീരുമ്പോൾ,അവന്റെ പരിപൂർണ്ണ പ്രവാചകൻ മുഹമ്മദ് മുസ്തഫാ(സ)യുടെയും മുഹമ്മദി(സ)ന്റെ മസീഹായ ഹസ്രത്ത് മിർസാഗുലാം അഹ്മദ് (അ)ന്റെയും ഈ നൂറ്റാിലെ അല്ലാഹുവിന്റെ ദൂതനായ ഈ വിനീതന്റെയും അനുയായികളായി തീരുന്നതാണ് നിങ്ങളുടെ വിശ്വാസത്തിന്റെ സത്ഫലങ്ങൾ നിങ്ങൾക്ക് ലഭിക്കുന്നത്.നിങ്ങളുടെ പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കുന്നതിലൂടെയാണ്.സത്യം വീം വിജയിക്കുകതന്നെ ചെയ്യും.ജമാ അത്തു സ്സഹീഹിൽ ഇസ്ലാമിന്റെ പ്രശോഭികമായ സൂര്യൻ ഉദിക്കുകയും,പ്രകാശം ചൊരിയുകയും പ്രപഞ്ചം മുഴുവൻ ഈ ദൈവീക പ്രകാശത്താൽ പ്രശോഭിതമാകുന്നതുമാണ്. യഥാർത്ഥ ഇസ്ലാമിന്റെ സൗന്ദര്യം വെളിവാക്കുന്നതാണ്.ഇൻഷാ അല്ലാഹ് എന്നാൽ ഈ വിജയം വളരെ പെട്ടെന്ന്വരില്ല.നമ്മുടെ എല്ലാകഴിവുകളും ഉപയോഗിക്കുകയും,വളരെയധികം ത്യാഗങ്ങൾ വരിക്കുകയും,നമ്മുടെ ജീവിതത്തിലെ സമസ്ത രംഗങ്ങളിലും,നമ്മുടെ സമയവും അല്ലാഹുവിനു വേി അർപ്പിക്കുന്നതുവരെ ഈ വിജയം പിന്തിക്കുന്നതാണ്.ജമാ അത്തു സ്സഹീഹിൽ ഇസാലാമിന്റെ മഹത്തായ വിജയത്തിന് വളരെയധികം ത്യാഗങ്ങളും കഷ്ടപ്പാടുകളും നേരിടേതായിട്ടു്.ആയതിനാൽ അല്ലയോ എന്റെ അനുയായികളെ.നിങ്ങൾ സന്തോഷ

ഭരിതരാകുക. പീഡനങ്ങളുടെയും പരിഹാസത്തിന്റേയും അഗ്നികളെ നിങ്ങൾ വാരി പുണരുക.അതിൽ നിങ്ങൾ സന്തോഷിക്കുമ്പോഴാണ് നിങ്ങളുടെ മോക്ഷ പ്രാപ്തി ലഭ്യമാവുക.അജ്ഞൻമാർ(ഇസ്‌ലാമിലെ മുല്ലാക്കളെന്നും പണ്ഡിതൻമാരെന്നും അവർ പ്രഖ്യാപിക്കുമെങ്കിലും)നിങ്ങളെ വളരെയധികം ബുദ്ധിമുട്ടിക്കാം അല്ലാഹുവിനു വേിയും അവന്റെ ജമാ  അത്തിനു വേിയും നിങ്ങളെ അവൻ ഉപയോഗിക്കുകയാണ് ആസന്നമായ ആ മഹത്തായ വിജയത്തിനായി . ഇസ്‌ലാമിന്റെ ജനനത്തിന് വളരെ വലിയ ത്യാഗം ആവശ്യമാണ്:നാം ജീവിക്കുന്നസമയം ത്യാഗം ചെയ്യലും അത്യാവശ്യമാണ്.നമ്മുടെ സ്നേഹനിധിയായ മുഹമ്മദ് മുസ്തഫാ(സ)യുടെ കാലത്തെപ്പോലെ ഇസ്‌ലാമിന്റെ ജനനം പരിപൂർണ്ണതയിൽ എത്തിക്കുവാൻ കഴിയില്ലെങ്കിലും,നമ്മുടെ ഈ ദിശയിലുള്ള ഈ പ്രവർത്തനങ്ങൾ കഠിനാധ്വാനങ്ങൾ സംശുദ്ധമായ ഉദ്ദേശങ്ങൾ അല്ലാഹുവിനോടും അവന്റെ പ്രവാചക പ്രഭുവായ മുഹമ്മദ് മുസ്തഫാ(സ)യോടു മുള്ള സ്നേഹവായ്പ് നമ്മളിലൂടെ പുനർജനിക്കേിയിരിക്കുന്നു.അത് നമ്മുടെ ഹൃദയങ്ങളിൽ ജീവിപ്പിക്കണം അത് ലോകത്തിന്റെ നാനാഭാഗങ്ങളിലും എത്തിക്കേീയിരിക്കുന്നു.അതിലൂടെ മുസ്‌ലിംകൾ യഥാർഥ മുസ്‌ലിംകളായി മാറും,പേരിൽ മാത്രമല്ലാ.മറ്റു വിശ്വാസങ്ങളിലുള്ള ജനതയ്ക്കും,യഥാർത്ഥ വിശ്വാസത്തെപ്പറ്റിയുള്ള അറിവ് ലഭിക്കും.അതായത് ഇസ്‌ലാം പ്രബോധിക്കുന്നത്;മനുഷ്യർ ദൈവത്തിന്റെ യഥാർത്ഥ ദാസന്മാരായി തീരുവാൻ മാത്രമാണ്.അല്ലാഹുവിന്റെ യഥാർത്ഥ ഭക്തരായി തീരുക എന്നതാണ് ലക്ഷ്യം.ആയതിനാൽ ഇസ്‌ലാമിനു വേി ജീവത്യാഗം ചെയ്യുക എന്നത്വളരെ വലിയ പ്രാധാന്യമുള്ള കാര്യമാണ്.നമ്മുക്ക് രക്തസാക്ഷീത്ത്വം വിധിച്ചിട്ടുങ്കെിൽ,ആ അനുഗൃഹീത വിധിയെ നമ്മോട് ആവശ്യപ്പെടുന്നു വെങ്കിൽ അതിനു സന്നദ്ധായിരിക്കുക.ഇത്തരത്തിലുള്ള ത്യാഗമരണങ്ങളിലാണ് സഹീഹിൽ ഇസ്‌ലാമിന്റെ ജീവിതം.അല്ലാഹുവിനോടുള്ള സ്നേഹത്താൽ നമുക്ക് ലഭിക്കുന്ന ശാശ്വതമായ ജീവിതം എത്തിപ്പിടിക്കവാനുള്ള വഴിയാണിത്.അതാണ് നമ്മുടെ യഥാർത്ഥ ലക്ഷ്യം.

നാം ഇങ്ങനെ തയ്യാറാകുമ്പോൾ എല്ലാ രംഗങ്ങളിലും അല്ലാഹു നമ്മെ വിജയിപ്പിക്കുന്നതാണ്;ജമാഅത്തു സ്സഹീഹിൽ ഇസ്‌ലാമിന്റെ വിജയം നാം കാണുകതന്നെ ചെയ്യും.അല്ലാഹു(ത) ഈ ത്യാഗങ്ങൾ വരിക്കുവാൻ നമ്മെ പ്രാപ്തരാക്കട്ടെ.ഇൻഷാ അല്ലാഹ്–ആമീൻ.

ഈ പ്രസംഗം ശ്രവിച്ച നിങ്ങൾക്ക് അല്ലാഹു പ്രതിഫലം നല്കട്ടെ.ആമീൻ.

**Translated by:** **R. Jamaluddin, Amir**
**Jamaat Ul Sahih Al Islam Kerala**

**Email: jamal.raother@gmail.com**
**Phone: 0475-2220223, 9447001832**

*******************

**Website: http://www.jamaat-ul-sahih-al-islam.com**